ടി.കെ ഉബൈദ്



സൂറ - 47

# മുഹമ്മദ്

مُحَمَّد

**സൂക്തം 32-34**

ഇസ് ലാം വിരുദ്ധ ഫോബിയകളും അപവാദങ്ങളും നിരന്തരം പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തും കിഴക്കും പടിഞ്ഞാറുമെല്ലാം ആളുകൾ ഇസ് ലാമിലേക്ക് കടന്നുവരുന്നത് തുടരുകയാണ്. സത്യനിഷേധികൾ എത്ര ഊതിക്കെടുത്താൻ ശ്രമിച്ചാലും അല്ലാഹുവിന്റെ സത്യപ്രകാശം അവൻ ഉജ്ജ്വലമായി കത്തിച്ചു നിർത്തുക തന്നെ ചെയ്യും.

إِنَّ ٱلَّذِينَ كَفَرُواْ وَصَدُّواْ عَن سَبِيلِ ٱللَّهِ وَشَآقُّواْ ٱلرَّسُولَ مِنۢ بَعۡدِ مَا تَبَيَّنَ
لَهُمُ ٱلۡهُدَىٰ لَن يَضُرُّواْ ٱللَّهَ شَيۡـٔٗا وَسَيُحۡبِطُ أَعۡمَٰلَهُمۡ ﴿٣٢﴾

*32*

*സന്മാർഗം ബോധ്യപ്പെട്ട ശേഷം അതു നിഷേധിക്കുകയും ദൈവിക സരണിയിൽനിന്ന് ജനത്തെ തടയുകയും ദൈവദൂതനോട് വിഘടിക്കുകയും ചെയ്യവർ അല്ലാഹുവിനെ ഒട്ടും ദ്രോഹിക്കുന്നില്ല. അവരുടെ പ്രയത്നങ്ങളൊക്കെയും തീർച്ചയായും അവൻ പാഴാക്കുന്നതാകുന്നു.*

| | |
|---|---|
| നിഷേധിക്കുകയും ദൈവിക സരണിയിൽനിന്ന് (ജനത്തെ) തടയുകയും ചെയ്യവർ | إِنَّ الَّذِينَ كَفَرُوا وَصَدُّوا عَن سَبِيلِ اللَّهِ |
| ദൈവദൂതനോട് വിഘടിക്കുകയും ചെയ്യവർ | وَشَاقُّوا الرَّسُولَ |
| അവർക്കു സന്മാർഗം തെളിഞ്ഞ (ബോധ്യപ്പെട്ട) ശേഷം | مِن بَعْدِ مَا تَبَيَّنَ لَهُمُ الْهُدَىٰ |
| അവർ ഒരിക്കലും അല്ലാഹുവിനെ ഒട്ടും ദ്രോഹിക്കുന്നില്ല | لَن يَضُرُّوا اللَّهَ شَيْئًا |
| അവൻ അവരുടെ പ്രയത്നങ്ങൾ (ഒക്കെയും) നശിപ്പിക്കുന്നത് (പാഴാകുന്നത്) ആകുന്നു | وَسَيُحْبِطُ أَعْمَالَهُمْ |

**ഇസ് ലാമിക ദർശനങ്ങളോടും സംസ്കാരത്തോടുമുള്ള വിരോധം പ്രവാചക വിരോധത്തിലെത്തുന്ന ജാഹിലിയ്യത്ത് എല്ലായിടത്തുമുണ്ട്. ഇസ് ലാമിക ദർശനവും സംസ്കാരവും തങ്ങളുടെ ദേശീയ ദർശനങ്ങളെക്കാളും സംസ്കാരത്തെക്കാളും ഉയർന്നുനിൽക്കുന്നു എന്നതാണ് വിരോധത്തിനാധാരം. അവർ ഇസ് ലാമിന്റെ ആദർശ ചിഹ്നങ്ങളെയും സാംസ്കാരിക സവിശേഷതകളെയും നിരന്തരം ആക്രമിച്ചുകൊണ്ടിരിക്കുന്നു.**

സൂറയുടെ തുടക്കത്തിൽ പരാമർശിക്കപ്പെട്ട തുറന്ന സത്യനിഷേധികളെ, കുടിലമായ പ്രതിലോമ പ്രവർത്തനങ്ങൾകൊണ്ടൊന്നും ഈ പ്രസ്ഥാനം പരാജയപ്പെടാൻ പോകുന്നില്ലെന്നും പരാജയം കാത്തിരിക്കുന്നത് അവരെത്തന്നെയാണെന്നും ഉണർത്തിക്കൊണ്ട് സൂറ സമാപിക്കുകയാണ്: إِنَّ الَّذِينَ كَفَرُوا وَصَدُّوا عَن سَبِيلِ اللَّهِ സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തിൽ മക്കാ മുശ് രിക്കുകളും അവരുടെ സഖ്യകക്ഷികളും സഹകാരികളുമാണ്. പിൽക്കാലത്തുണ്ടായതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ എല്ലാ ഇസ് ലാം വിരുദ്ധ ശക്തികളും ദൈവിക സരണി വിലക്കുന്ന സത്യനിഷേധികളാകുന്നു. ഇക്കാലത്ത് സത്യാന്വേഷകരെ ഇസ്‌ലാമിൽനിന്നകറ്റാൻ ഇസ് ലാമോഫോബിയാ ആഗോള ശക്തികൾ ആവിഷ്കരിച്ച തന്ത്രമാണ്, ദേശീയ തലത്തിൽ ആളുകൾ ഇസ് ലാമിലേക്ക് മാനസാന്തരപ്പെടുന്നത് ദീർഘകാല ജയിൽ ശിക്ഷയർഹിക്കുന്ന ക്രിമിനൽ കുറ്റമാക്കുകയും, മുസ് ലിംകൾക്ക് പൗരത്വം നിഷേധിക്കുന്ന നിയമങ്ങൾ നിർമിക്കുകയും ചെയ്യുന്നത്. شِقّ-ൽനിന്ന് നിഷ്പാദിതമായ شَاقّ എന്ന ക്രിയയുടെ ബഹുവചനമാണ് شَاقُّوا. രണ്ടായി പിളർന്നതിൽ ഒരു ഭാഗമാണ് شِقّ. പിളർന്നു, വിഘടിച്ചു, വിരോധിച്ചു എന്നാണ് شَاقّ -യുടെ അർഥം. സത്യനിഷേധത്തിന്റെ -كفر-ന്റെ അനിവാര്യതയാണ് പ്രവാചക വിരോധം. ചിലപ്പോൾ കുഫ്റിൽനിന്നായിരിക്കും പ്രവാചക വിരോധം ഉണ്ടാകുന്നത്. പരമ്പരാഗത മതത്തോടും ബഹുദൈവത്വത്തോടുമുള്ള പ്രേമവും, ഏകദൈവത്വത്തോടുള്ള വെറുപ്പും ഏകദൈവത്വം പ്രബോധനം ചെയ്യുന്ന പ്രവാചകനോടുള്ള വിരോധത്തിലേക്ക് നയിക്കുന്നു. ചിലപ്പോൾ കുഫ്റിന്റെ അടിസ്ഥാനം തന്നെ പ്രവാചകനോടുള്ള അസൂയയും പകയുമാകാം. അന്നും ഇന്നും ഈ രണ്ടു തരത്തിലുള്ള ആളുകളും ഉണ്ട്. പൈതൃക ആചാരങ്ങളോടും വിഗ്രഹങ്ങളോടുമുള്ള അന്ധമായ പ്രേമമായിരുന്നു അബൂലഹബിനെ പ്രവാചക വിരോധിയാക്കിയത്. അബൂജഹ്‌ലിനെ പ്രവാചക വിരോധത്തിലേക്കു നയിച്ചത് ഹാശിമി വംശജനായ അബ്ദുൽ മുത്ത്വലിബിന്റെ പൗത്രൻ ദൈവദൂതനും വേദവക്താവുമാകുന്നതിലുള്ള അസൂയയും വിദ്വേഷവുമായിരുന്നു. സ്വന്തം മതാചാര്യന്മാരെക്കാൾ മുഹമ്മദ് നബി അനുകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതിൽ അസൂയയും വിദ്വേഷവും പൂണ്ട് അദ്ദേഹത്തെ അവഹേളിക്കാനും അപകീർത്തിപ്പെടുത്താനും ഏതറ്റം വരെയും പോകുന്ന പ്രവാചക വിരോധികൾ ഇന്നും കിഴക്കും പടിഞ്ഞാറും ധാരാളമുണ്ട്. ഇവരുടെ ചെയ്തികൾ പലപ്പോഴും മുസ് ലിം സമൂഹത്തെ അസ്വസ്ഥപ്പെടുത്തുകയും കലാപങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ഇസ് ലാമിക ദർശനങ്ങളോടും സംസ്കാരത്തോടുമുള്ള വിരോധം പ്രവാചക വിരോധത്തിലെത്തുന്ന ജാഹിലിയ്യത്ത് എല്ലായിടത്തുമുണ്ട്. ഇസ് ലാമിക ദർശനവും സംസ്കാരവും തങ്ങളുടെ ദേശീയ ദർശനങ്ങളെക്കാളും സംസ്കാരത്തെക്കാളും ഉയർന്നുനിൽക്കുന്നു എന്നതാണ് വിരോധത്തിനാധാരം. അവർ ഇസ് ലാമിന്റെ ആദർശ ചിഹ്നങ്ങളെയും സാംസ്കാരിക സവിശേഷതകളെയും നിരന്തരം ആക്രമിച്ചുകൊണ്ടിരിക്കുന്നു. മുസ് ലിം ആരാധനാലയങ്ങൾ തല്ലിത്തകർത്ത് തൽസ്ഥാനത്ത് വിഗ്രഹാലയങ്ങൾ പടുത്തുയർത്തുന്നു. മറുഭാഗത്ത് മുസ് ലിം സ്ത്രീകൾ ഹിജാബ് ധരിക്കുന്നത് പോലും രാജ്യത്ത് നിരോധിക്കാൻ മുറവിളി കൂട്ടുന്നു. വിശുദ്ധ ഖുർആൻ തന്നെ നിരോധിക്കണമെന്നാവശ്യപ്പെടുന്നു. പ്രവാചകന്റെ കാലത്ത് മക്കാ മുശ് രിക്കുകളുടെ നായകന്മാർ ജനങ്ങളോട് ആഹ്വാനം ചെയ്തിരുന്നു: لَا تَسْمَعُوا لِهَٰذَا الْقُرْآنِ وَالْغَوْا فِيهِ لَعَلَّكُمْ تَغْلِبُونَ (ഈ ഖുർആൻ കേൾക്കരുത്, അതു പാരായണം ചെയ്യുന്നിടത്ത് ബഹളമുണ്ടാക്കുക, അങ്ങനെ നിങ്ങൾക്കതിനെ അതിജയിക്കാം).

ഇത്തരം കുത്സിത ചെയ്തികൾകൊണ്ട് അല്ലാഹുവിന് ഒരു ദോഷവും ചെയ്യാൻ ഇക്കൂട്ടർക്കാവില്ല. ആളുകൾ വിശ്വസിച്ചാലും വഴിപ്പെട്ടാലും നിഷേധിച്ചാലും ധിക്കരിച്ചാലുമൊക്കെ അവൻ സർവശക്തനും സർവാധികാരിയുമായിത്തന്നെ

നിലനിൽക്കും. ആരുടെയും ഒരാശ്രയവും വേണ്ടാത്ത തികഞ്ഞ സ്വയം പര്യാപ്തനാണവൻ. അല്ലാഹുവിനും അവന്റെ പ്രവാചകന്നും എതിരായ നടപടികൾകൊണ്ട് ആർക്കെങ്കിലും വല്ല ദോഷവും ഉണ്ടാകുന്നുവെങ്കിൽ അത് അത്തരം നടപടികളിലേർപ്പെട്ടവർക്ക് തന്നെയാണ്. അവരുടെ ജീവിതം സംസ്കൃതവും സഫലവുമാകുന്നതിനുവേണ്ടിയുള്ള തത്ത്വങ്ങളും നിയമങ്ങളുമാണ് ഖുർആൻ ഉൾക്കൊള്ളുന്നത്. അതിനോടുള്ള വിരോധം സ്വന്തം ജീവിതത്തിന്റെ ഉത്തമ താൽപര്യങ്ങളോടും സാഫല്യത്തോടുമുള്ള ശത്രുതയാണ്.

ഖുർആനിനെയും പ്രവാചകനെയും നിന്ദിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നതിലൂടെ ദീനുൽ ഇസ് ലാമിനെ പരാജയപ്പെടുത്താമെന്ന വിചാരവും കേവലം വ്യാമോഹമാണ്. അതിനെ തുടച്ചുനീക്കാനായി ജാഹിലിയ്യത്ത് വ്യയം ചെയ്യുന്ന പണവും പ്രയത്നവുമൊക്കെ പാഴായിപ്പോവുകയേയുള്ളൂ. വിപരീത ഫലം ഉളവാക്കുകയും ചെയ്യും. **أحبط** -യുടെ അർഥം 28-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുണ്ട്. 8:36-ൽ, ഇസ് ലാമിനെ നശിപ്പിക്കാൻ പ്രതിയോഗികൾ ധനം ചെലവഴിക്കുന്നത് പിന്നീടവർക്ക് ദുഃഖഹേതുകമായിത്തീരുമെന്നും പറയുന്നുണ്ട്:

**إِنَّ الَّذِينَ كَفَرُوا يُنفِقُونَ أَمْوَالَهُمْ لِيَصُدُّوا عَن سَبِيلِ اللَّهِ ۚ فَسَيُنفِقُونَهَا ثُمَّ تَكُونُ عَلَيْهِمْ حَسْرَةً ثُمَّ يُغْلَبُونَ ۗ وَالَّذِينَ كَفَرُوا إِلَىٰ جَهَنَّمَ يُحْشَرُونَ**

"ദൈവിക ദീനിനെ നിഷേധിച്ചവർ ജനത്തെ ദൈവിക സരണിയിൽനിന്നു തടയുന്നതിനുവേണ്ടി ധനം ചെലവഴിച്ചുകൊണ്ടിരിക്കുകയാകുന്നു. ഇനിയും അവർ ചെലവഴിച്ചുകൊണ്ടേയിരിക്കും. പിന്നീട് അതവർക്കു തന്നെ നെടും ഖേദത്തിന് നിമിത്തമായിത്തീരുന്നു. പിന്നെ അവർ പരാജയപ്പെടുകയും ചെയ്യുന്നു. സത്യനിഷേധികളൊക്കെയും നരകത്തിൽ ഒരുമിച്ചു കൂട്ടപ്പെടുന്നതാകുന്നു." പ്രവാചകന്റെ അവസാന കാലത്തും ഖുലഫാഉർറാശിദീങ്ങളുടെ കാലത്തും, അറബികളും അവർക്കു ചുറ്റുമുള്ള പ്രദേശങ്ങളിലെ ജൂത-ക്രൈസ്തവ സമൂഹങ്ങളും പേർഷ്യക്കാരും ഈ ഖേദം നന്നായി അനുഭവിച്ചതിന് ചരിത്രം സാക്ഷിയാണ്. അതിന്റെ ലക്ഷണങ്ങൾ ഹിജ്റയുടെ ആദ്യവർഷങ്ങളിൽ തന്നെ കണ്ടുതുടങ്ങിയിരുന്നു. അതെപ്പറ്റി ഖുർആൻ ഉണർത്തി: **أَوَلَمْ يَرَوْا أَنَّا نَأْتِي الْأَرْضَ نَنقُصُهَا مِنْ أَطْرَافِهَا** (ഭൂമിയെ അതിന്റെ നാനാ ദിക്കുകളിൽനിന്നും നാം ചുരുക്കിക്കൊണ്ടുവരുന്നത് അവർ കാണുന്നില്ലേ? - 13:41). അറേബ്യയുടെ നാനാ വശങ്ങളിൽനിന്നും അറബികളും യഹൂദ-ക്രൈസ്തവ വിഭാഗങ്ങളിൽ പെട്ടവരും ഒറ്റയായും കൂട്ടമായും നബിയെ സന്ദർശിച്ച് ഇസ് ലാം സ്വീകരിച്ചിരുന്നതാണിത് സൂചിപ്പിക്കുന്നത്. ഇസ് ലാം വിരുദ്ധ ഫോബിയകളും അപവാദങ്ങളും നിരന്തരം പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തും കിഴക്കും പടിഞ്ഞാറുമെല്ലാം ആളുകൾ ഇസ് ലാമിലേക്ക് കടന്നുവരുന്നത് തുടരുകയാണ്. സത്യനിഷേധികൾ എത്ര ഊതിക്കെടുത്താൻ ശ്രമിച്ചാലും അല്ലാഹുവിന്റെ സത്യപ്രകാശം അവൻ ഉജ്ജ്വലമായി കത്തിച്ചു നിർത്തുക തന്നെ ചെയ്യും. പള്ളികൾ പൊളിക്കുന്നവരും സത്യവിശ്വാസികളുടെ പൗരത്വം നിഷേധിക്കുന്നവരുമൊക്കെ ആ കുചേഷ്ടിതങ്ങളിൽ ഖേദിക്കുകയും ലജ്ജിക്കുകയും ചെയ്യുന്ന ഒരു കാലം തീർച്ചയായും വരുന്നുണ്ട്. ●

**പരമ്പരാഗത മതത്തോടും ബഹുദൈവത്വത്തോടുമുള്ള പ്രേമവും, ഏകദൈവത്വത്തോടുള്ള വെറുപ്പും ഏകദൈവത്വം പ്രബോധനം ചെയ്യുന്ന പ്രവാചകനോടുള്ള വിരോധത്തിലേക്ക് നയിക്കുന്നു. ചിലപ്പോൾ കുഫ്റിന്റെ അടിസ്ഥാനം തന്നെ പ്രവാചകനോടുള്ള അസൂയയും പകയുമാകാം. അന്നും ഇന്നും ഈ രണ്ടു തരത്തിലുള്ള ആളുകളും ഉണ്ട്.**

۞ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَلَا تُبْطِلُوٓاْ أَعْمَٰلَكُمْ ﴿٣٣﴾ إِنَّ ٱلَّذِينَ كَفَرُواْ
وَصَدُّواْ عَن سَبِيلِ ٱللَّهِ ثُمَّ مَاتُواْ وَهُمْ كُفَّارٌ فَلَن يَغْفِرَ ٱللَّهُ لَهُمْ ﴿٣٤﴾

## ഖുർആൻ ബോധനം

*33*
*അല്ലയോ സത്യവിശ്വാസികളായവരേ, അല്ലാഹുവിനെ അനുസരിപ്പിൻ, ദൈവദൂതനെയും അനുസരിപ്പിൻ, നിങ്ങളുടെ കർമങ്ങൾ നിഷ്ഫലമാക്കാതിരിക്കുവിൻ.*
*34*
*സത്യധർമങ്ങൾ നിഷേധിക്കുകയും അല്ലാഹുവിന്റെ വഴിയിൽനിന്ന് ആളുകളെ തടയുകയും എന്നിട്ട് കൊടിയ സത്യനിഷേധികളായിത്തന്നെ മരിക്കുകയും ചെയ്തവരോട് അല്ലാഹു ഒരിക്കലും പൊറുക്കാൻ പോകുന്നില്ല.*

| | |
|---|---|
| അല്ലയോ സത്യവിശ്വാസികളായവരേ | يَا أَيُّهَا الَّذِينَ آمَنُوا |
| നിങ്ങൾ അല്ലാഹുവിനെ അനുസരിപ്പിൻ | أَطِيعُوا اللَّهَ |
| ദൈവദൂതനെയും അനുസരിപ്പിൻ | وَأَطِيعُوا الرَّسُولَ |
| നിങ്ങളുടെ കർമങ്ങൾ അസാധു, നിഷ്ഫലം ആക്കാതിരിക്കുവിൻ | وَلَا تُبْطِلُوا أَعْمَالَكُمْ |
| സത്യധർമങ്ങൾ നിഷേധിക്കുകയും അല്ലാഹുവിന്റെ വഴിയിൽനിന്ന് (ആളുകളെ) തടയുകയും ചെയ്തവർ | إِنَّ الَّذِينَ كَفَرُوا وَصَدُّوا عَن سَبِيلِ اللَّهِ |
| എന്നിട്ട് മരിക്കുകയും | ثُمَّ مَاتُوا |
| അവർ കൊടിയ സത്യനിഷേധികളായി (തന്നെ) | وَهُمْ كُفَّارٌ |
| അല്ലാഹു അവരോട് ഒരിക്കലും പൊറുക്കുകയില്ല (പൊറുക്കാൻ പോകുന്നില്ല) | فَلَن يَغْفِرَ اللَّهُ لَهُمْ |

**ഏതു നിലക്കും അല്ലാഹുവിനെ അനുസരിക്കുന്നതോടൊപ്പം അവന്റെ ദൂതനെ കൂടി അനുസരിക്കാതെ സത്യവിശ്വാസികൾക്ക് അല്ലാഹുവിന് വഴിപ്പെടാനോ അവന്റെ പ്രീതി നേടാനോ കഴിയില്ല. അല്ലാഹുവിനെ ധിക്കരിച്ചാൽ അവന്റെ ശിക്ഷ ഉറപ്പാണ്. അവന്റെ ദൂതനെ അനുസരിക്കാതിരുന്നാലും വിശ്വാസിയുടെ കർമങ്ങൾ പരലോകത്ത് ഒരു പ്രയോജനവുമില്ലാതെ പാഴായിപ്പോകുന്നു.**

ഇനി വിശ്വാസികളെ പ്രത്യേകം സംബോധന ചെയ്തുകൊണ്ട് ഉദ്ബോധിപ്പിക്കുകയാണ്: നിങ്ങൾ അല്ലാഹുവിനോട് വണക്കവും വിധേയത്വവുമുള്ളവരായി വർത്തിക്കണം. **اطاعة**-ൽ നിന്നുള്ള ശാസനാ ക്രിയാവചനം (**امر**) ആണ് **أَطِيعُوا**. അനുസരണത്തിനു പുറമെ വഴിപ്പെടൽ, കീഴ്‌വണങ്ങൽ, ആരാധന തുടങ്ങിയ ആശയങ്ങൾ കൂടി വഹിക്കുന്നതാണ് **اطاعة**. ഇവിടെ **أَطِيعُوا اللَّهَ** എന്ന വാക്കിൽ ആ അർഥങ്ങളെല്ലാം ഉദ്ദേശ്യമാകുന്നു. തുടർന്നുള്ള **أَطِيعُوا الرَّسُولَ** യുടെ ആശയം, പ്രവാചകന്റെ ആജ്ഞാനുവർത്തികളാവുക എന്നാണ്. അല്ലാഹുവിനുള്ള **إطاعة** പരമമായ അനുസരണവും കീഴ്‌വണക്കവും അവകാശപ്പെട്ട ഏകശക്തി എന്ന നിലക്കും, റസൂലിനുള്ള **إطاعة** പരമമായ അനുസരണം അവകാശപ്പെട്ട അല്ലാഹുവിന്റെ വിധിവിലക്കുകൾ സൃഷ്ടികൾക്ക് പകർന്നു കൊടുക്കുന്ന ദൂതൻ എന്ന നിലക്കുമാണ്. പ്രായോഗികമായി അല്ലാഹുവിനെ അനുസരിക്കലും പ്രവാചകനെ അനുസരിക്കലും ഒന്നുതന്നെയാണ്. **مَّن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ** (ദൈവദൂതനെ അുസരിച്ചവൻ അല്ലാഹുവിനെ അനുസരിച്ചു - 4:80). എന്നാൽ, താത്ത്വിക വീക്ഷണത്തിൽ ഇതു രണ്ടും വ്യത്യസ്തമാണ്. നിരുപാധികവും കേവലവുമാണ് അല്ലാഹുവിനുള്ള അനുസരണം. അല്ലാഹു കൽപിച്ചതെല്ലാം പൂർണമായി വിശ്വസിക്കുകയും അനുസരിക്കുകയും വേണം. പ്രവാചകനെ അനുസരിക്കേണ്ടത് അദ്ദേഹം പറയുന്ന ദീനീ കാര്യങ്ങൾ, അഥവാ അല്ലാഹുവിങ്കൽനിന്ന് അദ്ദേഹത്തിനു ലഭിച്ച അറിവുകളിലും വിധിവിലക്കുകളിലുമാണ്.

മറ്റൊരു മാനം ഇതാണ്: അല്ലാഹുവിനുള്ള **اطاعة** അല്ലാഹുവിനോടും അവന്റെ വിധിവിലക്കുകളോടും മൊത്തത്തിലുള്ള കൂറും കീഴ്‌വണക്കവുമാണ്. റസൂലിനുള്ള **إطاعة** അല്ലാഹു താത്ത്വികമായി അനുശാസിച്ച വിധിവിലക്കുകൾക്ക് പ്രവാചകൻ വാചാ-കർമണാ നൽകുന്ന വിശദീകരണം അനുസരിക്കലാണ്. ഒന്ന് മൗലിക ശാസനകളോടുള്ള വിശ്വാസവും അനുസരണവുമാണെങ്കിൽ, മറ്റേത് ആ ശാസനകളുടെ പ്രായോഗിക ക്രമം സംബന്ധിച്ച വിശദീകരണത്തോടുള്ള അനുസരണം. അല്ലാഹു നൽകിയ മൗലിക ശാസനകൾ

മാത്രം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ പോരാ, അതിന് പ്രവാചകൻ നൽകിയ പ്രായോഗിക വിശദീകരണവും കൂടി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോഴേ അല്ലാഹുവിനുള്ള **إطاعة** പൂർണമാകൂ. അതാണിവിടെ റസൂലിനെയും അനുസരിക്കുക - **أَطِيعُوا الرَّسُولَ**- എന്ന് ആവർത്തിച്ചതിന്റെ താൽപര്യം. നമസ്കാരം നിലനിർത്തുവിൻ -**أقيموا الصلاة**- എന്നത് അല്ലാഹുവിന്റെ മൗലികമായ കൽപനയാണ്. റസൂലാണ് അത് ഏതു സമയങ്ങളിൽ, എത്ര റക്അത്തുകൾ വീതം, ഏതു രൂപത്തിൽ നിർവഹിക്കണമെന്നു കൽപിച്ചത്. റസൂലിനെ അനുസരിച്ചു നമസ്കരിക്കുമ്പോഴാണ് അല്ലാഹു കൽപിച്ച നമസ്കാരം നിർവഹിക്കലാവുക. **أَطِيعُوا** ആവർത്തിക്കാതെയും ഈ കൽപന വന്നിട്ടുണ്ട്; **أَطِيعُوا اللَّهَ وَالرَّسُولَ** (അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവിൻ - 3:132). 4:59-ൽ വന്നിട്ടുള്ളത് **أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ** -അല്ലാഹുവിനെ അനുസരിക്കുവിൻ; പ്രവാചകനെയും അനുസരിക്കുവിൻ, നിങ്ങളിലെ കൈകാര്യാധികാരികളെയും) എന്നാണ്. മൗലികവും ആത്യന്തികവുമായ അനുസരണമായ അല്ലാഹുവിനോടുള്ള അനുസരണം പ്രവൃത്തി പഥത്തിൽ കൊണ്ടുവരുന്നതിന് അനുസരിക്കേണ്ടത് പ്രവാചകനെ. ഈ രണ്ട് അനുസരണത്തിനും വിധേയമായി സമൂഹ നേതൃത്വത്തെയും അനുസരിക്കണം. നേതൃത്വത്തിന് മാത്രമായതോ പ്രവാചകനോടുള്ള അനുസരണത്തിൽനിന്ന് വേറിട്ടതോ ആയ അനുസരണം നേതൃത്വത്തിനില്ല. 'സ്രഷ്ടാവിനെതിരായി സൃഷ്ടിക്ക് ഒരനുസരണവുമില്ല' എന്നത് സുസ്ഥിരമായ ഇസ് ലാമിക തത്ത്വമാകുന്നു.

ഏതു നിലക്കും അല്ലാഹുവിനെ അനുസരിക്കുന്നതോടൊപ്പം അവന്റെ ദൂതനെ കൂടി അനുസരിക്കാതെ സത്യവിശ്വാസികൾക്ക് അല്ലാഹുവിന് വഴിപ്പെടാനോ അവന്റെ പ്രീതി നേടാനോ കഴിയില്ല. അല്ലാഹുവിനെ ധിക്കരിച്ചാൽ അവന്റെ ശിക്ഷ ഉറപ്പാണ്. അവന്റെ ദൂതനെ അനുസരിക്കാതിരുന്നാലും വിശ്വാസിയുടെ കർമങ്ങൾ പരലോകത്ത് ഒരു പ്രയോജനവുമില്ലാതെ പാഴായിപ്പോകുന്നു. അസാധുവാക്കലും നിരർഥകമാക്കലും നിഷ്ഫലമാക്കലുമായ **إبطال**-ൽ നിന്നുള്ള ക്രിയയാണ് **تُبْطِلُوا**. അസാധുവും നിഷ്ഫലവും നിരർഥകവുമായത് **باطل** ആകുന്നു. വിശ്വാസികളിൽ വല്ലവരും അജ്ഞതകൊണ്ടോ അവിവേകം കൊണ്ടോ അല്ലാഹുവിനെയും റസൂലിനെയും ധിക്കരിക്കുന്നുണ്ടെങ്കിൽ അവർ ആ നിലപാടിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങണം. ഇല്ലെങ്കിൽ അവർ സത്യനിഷേധികളാകും. അല്ലാഹുവിനെയും അവന്റെ റസൂലിനെയും നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തവർ പിന്നെ കൊടിയ നിഷേധികളാകുന്നു. ആ അവസ്ഥയിൽത്തന്നെ മരിച്ചുപോവുകയാണെങ്കിൽ അല്ലാഹു അവരോട് ഒരിക്കലും പൊറുക്കുകയില്ല. മരണം ആസന്നമാകുന്നതിനുമുമ്പ് കുഫ്റിലും ധിക്കാരത്തിലും പശ്ചാത്തപിക്കുകയും, ഈമാനിലേക്കും ഇത്വാഅത്തിലേക്കും മടങ്ങുകയും ചെയ്തവർക്ക് പാപമോചനവും മാപ്പും പ്രതീക്ഷിക്കാവുന്നതാണ്.

അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിച്ചവരെല്ലാം സ്വർഗസ്ഥരാകുമെന്ന് ചില മുഅ്മിനുകൾ കരുതിയിരുന്നു. **مَنْ قالَ لا إلهَ إلاَّ اللَّه دَخَلَ الْجَنَّة** (അല്ലാഹുവല്ലാതെ ദൈവമേതുമില്ലെന്നു പറഞ്ഞവൻ സ്വർഗത്തിൽ കടന്നു) എന്ന് നബിയിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന വചനം ഈ ധാരണയെ ശക്തിപ്പെടുത്തുകയും ചെയ്തു. അതൊരു തെറ്റുധാരണയാണെന്ന് വ്യക്തമാക്കുകയാണീ സൂക്തമെന്ന് ഇബ്നു അബീ ഹാതിം നിവേദനം ചെയ്തിരിക്കുന്നു. മുഹമ്മദ് ബിൻ നസ്വ്റുൽ മറൂസി *കിതാബു സ്വലാതിൽ* ഇതേ കാര്യം അബുൽ ആലിയ പ്രസ്താവിച്ചിട്ടുള്ളതായി പറയുന്നുണ്ട്. അല്ലാഹുവിനെയും റസൂലിനെയും വിശ്വസിക്കാത്തവരുടെ കർമങ്ങൾ പാഴായിപ്പോകുമെന്ന് ഈ സൂക്തം പറയുന്നത് സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ടാണല്ലോ. 'അല്ലാഹുവല്ലാതെ ദൈവമില്ല' എന്ന പ്രഖ്യാപനത്തിന്റെ അനിവാര്യ താൽപര്യമാണ് അവൻ തന്റെ ദൂതനിലൂടെ അവതരിപ്പിച്ച വിധിവിലക്കുകൾ അനുസരിക്കുക. അല്ലാഹുവിനോടുള്ള ധിക്കാരം വിശ്വാസിയെ ഈമാനിന്റെ പരിധിയിൽനിന്നു പുറംതള്ളുന്നു. വിശ്വാസിയിൽ ലഘുവായ കുറ്റങ്ങളും കുറവുകളുമുണ്ടാകാം. എന്നാൽ, മനഃപൂർവം സ്ഥിരമായി ചെയ്യുന്ന മഹാപാതകങ്ങൾ അയാൾ ചെയ്ത സത്കർമങ്ങളെപ്പോലും അസാധുവും നിരർഥകവുമാക്കുന്നു. ●

**അല്ലാഹുവിനോടുള്ള ധിക്കാരം വിശ്വാസിയെ ഈമാനിന്റെ പരിധിയിൽനിന്നു പുറംതള്ളുന്നു. വിശ്വാസിയിൽ ലഘുവായ കുറ്റങ്ങളും കുറവുകളുമുണ്ടാകാം. എന്നാൽ, മനഃപൂർവം സ്ഥിരമായി ചെയ്യുന്ന മഹാപാതകങ്ങൾ അയാൾ ചെയ്ത സത്കർമങ്ങളെപ്പോലും അസാധുവും നിരർഥകവുമാക്കുന്നു.**